**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1853 11.02.2013 - ൽ മറുപടിയ്ക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

ചോദ്യം

ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണ ശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | ഈ പദ്ധതി ഏതെല്ലാം വകുപ്പിന്റെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നത്; | (ബി) | സാമൂഹ്യനീതി വകുപ്പിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി അനുസരിച്ച് ചികിത്സയ്ക്കുള്ള ചെലവ് എത്രവരെയാണ് സർക്കാർ വഹിക്കുന്നത്; | (സി) | പദ്ധതി പ്രകാരം ഒരു കുട്ടിക്ക് 4,56,521/- രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റിനുള്ള തുകയും അതിനുശേഷം രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനായി 50,000/- രൂപയുമാണ് സർക്കാർ വഹിക്കുന്നത്. |
| (ഡി) | ബധിര-മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിനുള്ള ചികിത്സ ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ട് ? | (ഡി) | 104 കുട്ടികൾക്ക് സർജറി നടത്തിക്കഴിഞ്ഞു. |

R. Vijayan

സെക്ഷൻ ഓഫീസർ